"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ഇടുക്കി ജില്ലയിലെ ഇറക്കുംപുഴ പാലം അപ്പ്രോച്ച് റോഡിനു വേണ്ടിയുള്ള സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട എൽ.എ.ആർ 46/10 നമ്പർ കേസിന്റെ വിധിത്തുക അനുവദിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.899/2025/PWD തിരുവനന്തപുരം,തീയതി, 20-06-2025

---

പരാമർശം:-
1. 18.03.2019 തീയതിയിലെ സ.ഉ (പി)നമ്പർ.32/2019/ഫിൻ
2. 29.12.2023 തീയതിയിലെ സഉ(സാധാ)നമ്പർ.1644/2023/പൊ.മ.വ
3. നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 30.05.2025 തീയതിയിലെ CEPWD/17917/2023-FR1(F)-RD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ ഇറക്കുംപുഴ പാലം അപ്പ്രോച്ച് റോഡിനു വേണ്ടിയുള്ള സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട തൊടുപുഴ സബ് കോടതിയിലെ വിവിധ എൽ.എ.ആർ കേസുകൾക്കായി പരാമർശം (2) പ്രകാരം 2,23,00,355/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു.

2) ഇടുക്കി ജില്ലയിലെ ഇറക്കുംപുഴ പാലം അപ്പ്രോച്ച് റോഡിനു വേണ്ടിയുള്ള സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട എൽ.എ.ആർ 46/10 നമ്പർ കേസിൽ അനുവദിച്ചിരുന്ന വിധിത്തുകയായ 84,83,223/- രൂപ 22.06.2024 തീയതിയിൽ ബഹു.തൊടുപുഴ സബ് കോടതി മുമ്പാകെ കെട്ടിവച്ചിട്ടുള്ളതാണെന്നും തുക കെട്ടിവച്ച തീയതിയായ 22.06.2024 വരെ കക്ഷിക്ക് നൽകുവാനുള്ള തുകയിൽ പലിശ ഇനത്തിൽ ബാലൻസ് നിൽക്കുന്ന തുക കണക്കാക്കി 47,25,925/- രൂപയുടെ ഭരണാനുമതി 5054-04-337-80 PC എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ ഇറക്കുംപുഴ പാലം അപ്പ്രോച്ച് റോഡിനു വേണ്ടിയുള്ള സ്ഥലം

ഏറ്റെടുപ്പുമായി ബന്ധപ്പെട്ട തൊടുപുഴ സബ് കോടതിയിലെ വിവിധ എൽ.എ.ആർ കേസുകൾക്കായി മുൻപ് പുതുക്കിയ ഭരണാനുമതി നൽകിയ **2,23,00,355/-** രൂപയോടൊപ്പം എൽ.എ.ആർ **46/10** നമ്പർ കേസിൽ തുക കെട്ടിവച്ച തീയതിയായ **22.06.2024** വരെ കക്ഷിക്ക് നൽകുവാനുള്ള തുകയിൽ പലിശ ഇനത്തിൽ ബാലൻസ് നിൽക്കുന്ന തുകയായ **47,25,925/** രൂപയും ചേർത്ത് **2,70,26,280/-** രൂപയുടെ (രണ്ട് കോടി എഴുപത് ലക്ഷത്തി ഇരുപത്തി ആറായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി **5054-04-337-80-PC** എന്ന ശീർഷകത്തിൽ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SUJITHA KUMARI S S**

ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ,നിരത്തുകൾ/പാലങ്ങൾ വിഭാഗം.

ജില്ലാ കളക്ടർ , ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ),ഐ&പി ആർഡി

കരുതൽ ഫയൽ/**D1/295/2025-PWD**

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 20-06-2025 17:52:49

സെക്ഷൻ ഓഫീസർ